GHS Koonathara

കേരളപാഠാവലി

Time: 1½ hrs

Total score:40

---

1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. (1 സ്കോർ വീതം )

1."<u>ഭാവശാലികൾ </u>പിരിഞ്ഞുകൂടിയാലീവിധം വികലമാം സുഖോദയം". (പ്രിയദർശനം)

-അടിവരയിട്ട പദത്തിന്റെ അർത്ഥം കണ്ടെത്തുക.

- ശാലീനതയുള്ളവർ
- സ്നേഹമുള്ളവർ
- വികാരത്തിന് അടിമപ്പെട്ടവർ
- നിരാശയുള്ളവർ

2. "എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടിയായി". (ഋതുയോഗം)

-രാജാവിന്റെ ആശയ്ക്ക് താങ്ങാലയതെന്ത്.?

- പുരുവംശത്തിലാണ് കുട്ടി ജനിച്ചത് എന്ന അറിവ്
- കുട്ടിക്ക് രക്ഷയുണ്ടെന്ന അറിവ്
- കുട്ടിയുടെ അവിനയം
- കുട്ടി വികൃതിയാണെന്ന തോന്നൽ

3. "നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം പാരിലെന്നെയിന്നാരറിയാതവർ".

-ഈ വാക്കുകളിലൂടെ കലി സ്ഥാപിക്കുന്നത് എന്ത്

- ലോകത്തിൽ ആർക്കും എന്നെ അറിയില്ല
- പുഷ്കരന് പാരിൽ ആരെയും അറിയില്ല
- തന്നെ അറിയാത്തവരായി ലോകത്ത് ആരുമില്ല
- പുഷ്കരന് തന്നെ അറിയില്ല

4. 'ഉജ്ജ്വലമുഹൂർത്തം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം കണ്ടെത്തുക.

- ഉജ്ജ്വലമെന്ന മുഹൂർത്തം
- ഉജ്ജ്വലമായ മുഹൂർത്തം
- ഉജ്ജ്വലവും മുഹൂർത്തവും
- ഉജ്ജ്വലത്തിന്റെ മുഹൂർത്തം

5. "ഏക മർത്ഥിയാം പ്രാണിതൻ
പ്രിയമൊരിക്കലീശ്വരൻ"

-നളിനിയുടെ ഈ വാക്കുകളിൽ പ്രകടമാകുന്നത് എന്ത്?

- ദിവാകരൻ തന്നെ തിരിച്ചറിയില്ലെന്ന ആശങ്ക
- സന്യാസിയായ നളിനിയുടെ അവസ്ഥ
- തന്റെ ആഗ്രഹം ഒരിക്കൽ സഫലമാകുമെന്ന ചിന്ത
- തന്റെ ആഗ്രഹങ്ങൾ സഫലമാവില്ലെന്ന് ബോധം

6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക.
(2 സ്കോർ വീതം)

2*2=4

6.അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യമാക്കി മാറ്റി എഴുതുക.
'മെത്രാൻ ആ സമയത്ത് കുനിഞ്ഞു നിന്ന്,കൊട്ട തടത്തിൽ വീണതുകൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു'.

7."ഒരു വെൺലില്ലിപ്പൂവിൻ ശോണരേഖകൾ പോലെ
തിരു ശോണിതം വാർന്ന- പാടുകളുടലാകെ!"
ഈ വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ കുറിക്കുക.

8.'പുഴ കടന്ന് അപ്പുറത്തെ മേട്ടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു'.
-വെള്ളായിയപ്പനെ വേദനിപ്പിച്ച ഏതെങ്കിലും രണ്ട് കാരണം എഴുതുക.

9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (4സ്കോർ വീതം)

5*4=20

9."ഹൃദയമേ,ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്ന് തോന്നുന്നു". ( ഋതുയോഗം)
-ശകുന്തള ഇങ്ങനെ ആശ്വസിക്കാൻ ഇടയായ സാഹചര്യം എന്ത്? നാടക സന്ദർഭങ്ങൾ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.

10. "കണ്ടോ അച്ഛാ"?-വായിൽ നിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നു വിട്ട് കൊണ്ട് ജ്വലിയാന ചോദിച്ചു. ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

- കഥാസന്ദർഭത്തിൽ നിന്ന് ലഭിക്കുന്ന സൂചന എന്ത്?കഥ വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണം എഴുതുക.

11."ദുഷ്കരമായിടട്ടൊന്നുമില്ല കേൾ
മത്സ സഹായമുണ്ടായാലേവനും
നളനും നീയും ഭേദമെന്തിവിടെ?
നാട്ടുവാഴ്ക നളനെ വെന്ന സമ്പ്രതി..."
-കലിയുടെ ഈ വാക്കുകൾ മുൻനിർത്തി 'പ്രലോഭനം'എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

12. "ആ ഹൃദയയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും".?

(യുദ്ധത്തിന്റെ പരിണാമം)

- ദുര്യോധനനെക്കുറിച്ചുള്ള കുട്ടികൃഷ്ണമാരാരുടെ ഈ അഭിപ്രായം മുൻനിർത്തി ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ കഥാപാത്രനിരൂപണം തയ്യാറാക്കുക.

13.'വെള്ളിസ്സാമാനം പട്ടാളമാറാപ്പിലിട്ടു,കൊട്ട വലിച്ചെറിഞ്ഞു, തോട്ടം പിന്നിട്ടു,നരിയപോലെ മതിൽ ചാടിക്കടന്ന് ഒരു പാച്ചിൽ കൊടുത്തു'. (പാവങ്ങൾ)

- ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ ഈ സന്ദർഭത്തിൽ എങ്ങനെ പ്രകടമാകുന്നു.? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.?

14."വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ സന്നിഭം മർത്യജന്മം ക്ഷണഭംഗുരം".

കോപാവേഗം കൊണ്ട ലക്ഷ്മണനെ ശാന്തചിത്തനാക്കുന്നതിന് ഇത്തരം ഉപദേശങ്ങൾ എത്രത്തോളം ഉപകരിക്കും?

-കാവ്യഭാഗം വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം എഴുതുക.

15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക.

2*6=12

15."നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ,കുട്ടികളെ ബോർഡിങ്ങിൽ അയക്കരുത്, ആയയെ വയ്ക്കരുത്. അമ്മ തന്നെ വളർത്തണം. ശാസിക്കുകയും,ലാളിക്കുകയും,കൂട്ടുകൂടുകയും വേണം. ( വിശ്വരൂപം)

- കുട്ടികളെ വളർത്തുക എന്നത് അമ്മയുടെ മാത്രം ചുമതലയല്ല:അച്ഛനും ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്വമുണ്ട്. മുകളിൽ നൽകിയ ആശയങ്ങളോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്.? കഥയും,സമകാലിക കുടുംബജീവിതവും പരിശോധിച്ച് 'കുടുംബജീവിതത്തിലെ സ്ത്രീപുരുഷ തുല്യത' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

16.' പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖ സഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.'

' പട്ടടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്ന് ആദ്യമായി അപരിചിതമായി തോന്നി'.

'അപരിചിതരുടെ താൽപര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറായി'.

( കടൽത്തീരത്ത്)

- വെള്ളായിയപ്പന്റെ തീവ്രമായ മാനസിക സംഘർഷങ്ങളാണല്ലോ മുകളിൽ നൽകിയിരിക്കുന്ന കഥാസന്ദർഭങ്ങളിൽ തെളിയുന്നത്. കഥയുടെ മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

17.യുദ്ധത്തിൽ വിജയികളില്ല : പരാജിതരേയുള്ളു എന്ന തിരിച്ചറിവാണ് മഹാഭാരതകഥ പകർന്നു നൽകുന്നത്. യുദ്ധത്തിന്റെ പരിണാമം എന്ന പാഠഭാഗവും സമകാലികസാഹചര്യങ്ങളും വിലയിരുത്തി 'യുദ്ധം മാനവരാശിക്ക് ആപത്ത് ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.